# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.257 13.03.2020 ൽ മറുപടിക്ക്

## ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും

**ചോദ്യം**

**ശ്രീ. ഇ.കെ.വിജയൻ**
**,, സി. ദിവാകരൻ**
**,, മുല്ലക്കര രത്നാകരൻ**
**,, വി.ആർ. സുനിൽ കുമാർ**

(എ) ദേശീയനിലവാരം പുലർത്തുന്നതിനായി സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എഞ്ചിനിയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ മോഡ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര തുകയ്ക്കുമേലുള്ള പദ്ധതികളാണ് പ്രസ്തുത മോഡിൽ നടപ്പാക്കുന്നതെന്നറിയിക്കാമോ;

(സി) ഈ വിധത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്റ്റാന്റ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉണ്ടോ; വ്യക്തമാക്കാമോ;

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിനായി ഇൻഡ്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്.

(ബി) യും (സി) യും (ഡി) യും ദേശീയപാതാ വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ മോഡിൽ ആണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡും ഫ്ളെക്സിബിൾ പേയ്മെന്റിൽ നിർമ്മിക്കുകയോ, സ്ട്രെങ്ത്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് 5 വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡും ഉണ്ട് പെർപെക്ചൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും

റിജിഡ് പേവ്മെന്റ് കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാൻഡ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്കും 10 വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡ് ഉണ്ട്

മറ്റ് പ്രവൃത്തികൾക്ക് 40 എം.എം ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ 3 വർഷവും അതിൽ കുറവ് കനമുള്ളവയ്ക്ക് 1 വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പീരീഡ്.

(ഇ) സംസ്ഥാനത്തെ ദേശീയപാത നിർമ്മാണത്തിൽ ഇവിടുത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**